പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1510 — 15.02.2016-ൽ മറുപടിക്ക്

## മുനിസിപ്പൽ പ്രദേശങ്ങളിലെ റോഡുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.തിലോത്തമൻ** | | **ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)** | |
| (എ) | മുനിസിപ്പൽ പ്രദേശങ്ങളിലെ ഗതാഗത യോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ നവീകരണത്തിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (എ) | നഗരസഭകളിൽ ഗതാഗതയോഗ്യമല്ലാതായി ത്തീർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് ഫണ്ടിന്റെ ലഭ്യത കുറവാണ്. |
| (ബി) | പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി ഏതെല്ലാം പദ്ധതികളിൽ നിന്നും ഏതെല്ലാം വകുപ്പുകളിൽ നിന്നും തുക അനുവദിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (ബി) | നഗരസഭയിലെ റോഡുകളിലെ നവീകരണത്തിനായി എം.പി. ഫണ്ട്, എം.എൽ.എ ഫണ്ട്, മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നിവ ഉപയോഗിക്കുന്നുണ്ട്. നഗരസഭകളിൽ പുതിയ റോഡുകൾ നിർമ്മിക്കുന്നതിനു വേണ്ടി ഡവലപ്മെന്റ് ഫണ്ട് (ജനറൽ) തനത് ഫണ്ടും ഉപയോഗിക്കുന്നു. |
| (സി) | മുനിസിപ്പൽ പ്രദേശങ്ങളിലെ ഗതാഗത യോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ നവീകരണത്തിന് എം.എൽ.എ-മാരുടെ പ്രത്യേക വികസന ഫണ്ടും ആസ്തി വികസന ഫണ്ടും വിനിയോഗിക്കുന്നതിനെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ; | (സി) | പ്രോത്സാഹിപ്പിക്കുന്നുണ്ട്. |
| (ഡി) | മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നഗരസഭകളിലെ റോഡു കളുടെ നവീകരണത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ട് അനുബന്ധ രേഖകൾ സഹിതം സെക്രട്ടേറിയറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സെക്ഷനി ലെത്തിയാൽ പ്രസ്തുത ഫയലുകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് വളരെയധികം കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡ് വികസനം സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത് തദ്ദേശസ്വയംഭരണ വകുപ്പിലെ ജോലി ഭാരം ഏറ്റവും കൂടിയ സീറ്റിലാണ്. പലവിധകാരണങ്ങളാൽ പ്രസ്തുത സീറ്റിൽ അസിസ്റ്റന്റുമാരെ പല തവണ മാറ്റി നിയമിക്കേണ്ടി വന്നു. തന്മൂലം കുറച്ചുകാലം സീറ്റ് ഒഴിഞ്ഞ് കിടന്നതിനാൽ വന്ന സ്വാഭാവിക താമസം മാത്രമേ ഇക്കാര്യത്തിൽ വന്നിട്ടുള്ളൂ. ഇപ്പോൾ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ച ഫയലുകൾക്ക് പരമാവധി പ്രാമുഖ്യം നൽകി കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കുന്നുണ്ടെന്ന വിവരം അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ